കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

## ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം

**ഹാജർ:വിനോദ് ജി**

| | |
|---|---|
| വിഷയം: | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട്(ഹ.ഗ്രേ) ശ്രീ.സാബു ടി വൈ-യ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം: | 30.07.2025-ലെ അസാധാരണ ഗസറ്റ് നമ്പർ: 2819 പ്രകാരം പ്രസിദ്ധീകരിച്ച സിഇഐ/517/2025-ഇ2 തീയതി: 29.07.2025 നമ്പരായുള്ള ഗസറ്റ് വിജ്ഞാപനം. |

**ഉത്തരവ് നമ്പർ: സിഇഐ/517/2025-ഇ2 തീയതി: 31-07-2025**

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ലത ജെ 31/05/2025-ന് അടിത്തൂൺ പറ്റി സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്ന് 01/06/2025 പൂർവ്വാഹ്നം മുതൽ വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തയ്യാറാക്കി സർക്കാർ അംഗീകരിച്ച് പരാമർശം പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുകയും നിലവിലെ ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറും പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടുമായ(ഹ.ഗ്രേ) ശ്രീ.സാബു ടി വൈ (പെൻ:105169) ആണ് പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെടുവാൻ അർഹനായിട്ടുള്ളത്.

ഈ സാഹചര്യത്തിൽ, ജൂനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറും വകുപ്പ്തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തയ്യാറാക്കി സർക്കാർ അംഗീകരിച്ച് പരാമർശം പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള പത്തനംതിട്ട ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) ശ്രീ.സാബു.ടി.വൈ-യ്ക്ക് (പെൻ:105169) കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 28(b)(i)-ലെ വ്യവസ്ഥകൾ പ്രകാരം 51400-110300/- രൂപ ശമ്പള നിരക്കിൽ തസ്തിക മാറ്റം മുഖേന സീനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ സാബു ടി വൈ, സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തേയ്ക്ക് പ്രൊബേഷനിൽ ആയിരിക്കുന്നതാണ്. ടിയാന് ചട്ടപ്രകാരമുള്ള പ്രവേശനകാലത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

Signed by
Vinod G
Date: 31-07-2025 14:33:48

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ശ്രീ.സാബു ടി വൈ, ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) (ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പത്തനംതിട്ട മുഖേന).

**പകർപ്പ് :**

1. അക്കൗണ്ടന്റ് ജനറൽ, കേരള (എ&ഇ) തിരുവനന്തപുരം
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പത്തനംതിട്ട
3. എ 1/ഇ3/ ഇ6 സെക്ഷനുകൾ
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
5. ഐ.ടി വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക് )
6. കരുതൽ/അധികം